ശ്രീ. എം. സി. ഏബ്രഹാം: ഇന്നയിന്ന സ്ഥലങ്ങൾ മാത്രമേ സന്ദർശിക്കാവൂ എന്നു കേന്ദ്രഗവണ്മെന്റ് പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ടോ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: സന്ദർശന പ്രോഗ്രാം ഇവിടെ തയ്യാറാക്കിയതായിരുന്നില്ല.

ശ്രീ. സി. എ. മാത്യു: കൂടുതൽ സ്ഥലങ്ങൾ സന്ദർശിക്കണമെന്നു് അവർ അഭ്യർത്ഥിച്ചിരുന്നോ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: ഇവിടെ വന്നുകണ്ടതിനുശേഷം സമയം ഇത്ര കുറവാണല്ലോ എന്നു് സങ്കടം പ്രകടിപ്പിച്ചു.

ക്രാഫ്റ്റ് അദ്ധ്യാപകർ.

* 1634. [3] ശ്രീ. സി. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രാഫ്റ്റ് അദ്ധ്യാപകർക്കു് ഗവണ്മെന്റ് നിശ്ചയിച്ചിരുന്ന കുറഞ്ഞ പരിക്ഷായോഗ്യത എന്തു്; ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള കൂടുതൽ യോഗ്യതയെന്തു്;

(ബി) കൂടുതൽ യോഗ്യത നിശ്ചയിച്ചപ്പോൾ നിലവിലിരുന്ന യോഗ്യതാനുസരണം നിയമിച്ചിരുന്ന അദ്ധ്യാപകർക്ക കൂടുതൽ യോഗ്യത കരസ്ഥമാക്കുന്നതിനുള്ള സാവകാശം കൊടുത്തിട്ടുണ്ടോ;

(സി) ഈ പുതിയ ഉത്തരവുമൂലം ആകെ എത്രപേരെ പിരിച്ചുവിട്ടിട്ടുണ്ടു്?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി):

(എ) ക്രാഫ്റ്റ് അദ്ധ്യാപകർക്ക ഗവണ്മെന്റ് മുൻപു് നിശ്ചയിച്ചിരുന്ന യോഗ്യതകളുടെ വിശദവിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെന്റു് മേശപ്പുറത്തു വച്ചിരിക്കുന്നു. † അവർക്കു് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള യോഗ്യതകളുടെ വിശദവിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെന്റും മേശപ്പുറത്തു വച്ചിട്ടുണ്ടു്. † ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ കൂടുതലല്ല; കുറവാണു്.

(ബി) (എ) യുടെ ഉത്തരംമൂലം ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) ആരെയും പിരിച്ചുവിട്ടിട്ടില്ല.

ശ്രീ. സി. എ. മാത്യു: ക്രാഫ്റ്റ് അദ്ധ്യാപകന്മാരും ഗവണ്മെന്റുമായി ഒരു ഒത്തുതീർപ്പിലെത്തിയെന്നും, അവർ സമരം മാറ്റിവച്ചുവെന്നും ഇവിടെ പറഞ്ഞു. എന്നാൽ, ഗവണ്മെന്റ് വാക്കുപാലിച്ചില്ല എന്ന കാരണം പറഞ്ഞു് അവർ വീണ്ടും സമരത്തിനു തയ്യാറായിരിക്കുന്നുവെന്നു കേൾക്കുന്നതു് ശരിയാണോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അവരുടെ പ്രതിനിധികളും ഗവണ്മെന്റുമായി സംസാരിച്ചപ്പോൾ പറഞ്ഞ മാതിരി ഗവണ്മെന്റ് ഉത്തരവു പുറപ്പെടുവിച്ചിരിക്കുകയാണു്; അവർ പറഞ്ഞ ആനുകൂല്യങ്ങൾപോരാ എന്ന അഭിപ്രായം ഇപ്പോൾ ഉണ്ടോ എന്നറിഞ്ഞുകൂടാ. പറഞ്ഞമാതിരിയുള്ള ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടു്. ഇപ്പോൾ അതു് കിട്ടിയിരിക്കും.

ശ്രീ. സി. എ. മാത്യു: ക്രാഫ്റ്റ് അദ്ധ്യാപകരെ കഴിഞ്ഞകാല സേവനങ്ങൾ വകവച്ചു തിരിയെ എടുക്കാമെന്നുണ്ടായിരുന്ന വാക്കു പാലിക്കുന്നി

† Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly

ല്ലെന്നും, അവരെ തിരിച്ചെയ്യാൻ മാത്രമാണ് ഗവണ്മെന്റ് തീരുമാനിച്ചിട്ടുള്ളതെന്നും അറിയുന്നതു ശരിയാണോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: കഴിഞ്ഞകാലസേവനം വകവച്ചു കൊടുത്തു തിരിച്ചു അനുവദിക്കുക എന്നു പറഞ്ഞാൽ വെക്കേഷൻ കാലത്തെ ശമ്പളം കൊടുക്കണം. അവർക്ക് വീണ്ടും നിയമനം നൽകാമെന്നാണ് വാക്കുകൊടുത്തിട്ടുള്ളതു; അങ്ങനെ ഉത്തരവു പാസ്സാക്കിയിട്ടുണ്ട്.

ശ്രീ. കെ. ഹസ്സൻ ഗനി: ക്രാഫ്റ്റ് അദ്ധ്യാപകപ്രതിനിധികളും ഗവണ്മെന്റും തമ്മിൽ ഈ മാസത്തിൽ ചർച്ച നടത്തുകയുണ്ടായോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഈ ഉത്തരവു പുറപ്പെടുവിക്കുന്നതിനു മുൻപു് അവരുടെ പ്രതിനിധികളും എന്നെക്കണ്ടു് വിവരം പറഞ്ഞപ്പോൾ ഈ കാര്യം അവരോടു പറഞ്ഞിട്ടുണ്ട്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: മുൻകാലത്തു്, മലബാർ വിഭാഗത്തു് എസ്. എസ്. എൽ. സി. പാസ്സാകാത്തവരാണെങ്കിലും 5–6 കൊല്ലത്തെ സർവ്വീസുള്ളവർക്ക് ടെയിനിംഗിനുള്ള അനുവാദം ഉണ്ടായിരുന്നു. ഇപ്പോൾ എസ്. എസ്. എൽ. സി. തോറ്റിട്ടുള്ളവരെ എടുക്കാറില്ല പഴയ സംപ്രദായം അനുസരിച്ചു് സർവ്വീസുള്ളവരെക്കൂടി ടെയിനിംഗിനു് എടുക്കാൻ വ്യവസ്ഥചെയ്യുമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: സാധാരണ ടെയിനിംഗിനെപ്പറ്റിയാണെങ്കിൽ അതു പ്രത്യേകം പരിശോധിക്കേണ്ടിയിരിക്കുന്നു.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: ടീച്ചിംഗ് ടെയിനിംഗിനെപ്പറ്റിയാണു് ഞാൻ പറയുന്നതു്.

ശ്രീ ജോസഫ് മുണ്ടശ്ശേരി: പ്രത്യേകം ചോദിച്ചാൽ പറയാം.

ശ്രീമതി കുസുമം ജോസഫ്: പ്രൈവറ്റ് സ്കൂളുകളിലെ ക്രാഫ്റ്റ് അദ്ധ്യാപകരുടെ യോഗ്യതയുള്ളവർ ഗവണ്മെന്റ് സ്കൂളുകളിൽ വെക്കേഷൻ കാലത്തു് തുടരുകയും, പ്രൈവറ്റ് സ്കൂളുകളിൽ അവരെ പിരിച്ചുവയ്ക്കുകയും ചെയ്യാൻ കാരണമെന്താണു്?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: പ്രൈവറ്റ് സ്കൂളുകളിൽ നിയമിക്കപ്പെട്ടവർ താൽക്കാലിക പോസ്റ്റുകളിൽ പ്രത്യേക വ്യവസ്ഥയിൽ നിയമിക്കപ്പെട്ടിട്ടുള്ളതാണു്. അവരെ നിയമിക്കുമ്പോൾ തന്നെ വ്യക്തമായ ചില കണ്ടിഷൻ സോട്ടുകൂടിയാണു പോസ്റ്റ് ചെയ്യുന്നതു്.

ശ്രീ. സി. എ. മാത്യു: ഇത്തരം ആനുകൂല്യം ഗവണ്മെന്റ് സർവ്വീസിൽ ചില അദ്ധ്യാപകർക്കു കിട്ടിക്കൊണ്ടിരിക്കുന്നുണ്ടല്ലോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഗവണ്മെന്റ് മുൻപു് അങ്ങനെ ചില പ്രത്യേക സൗകര്യം ചെയ്തുകൊടുത്തതാണു്. ആ ആനുകൂല്യം എല്ലാകാലത്തും എല്ലാവർക്കും ചെയ്യണമെന്നു പറയുന്നതു ശരിയല്ല.

ശ്രീമതി കുസുമം ജോസഫ്: പ്രൈവറ്റ് സ്കൂളുകളിൽ മാത്രം ഇങ്ങനെ ആനുകൂല്യം അനുവദിക്കാത്തതെന്തുകൊണ്ടാണു്?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: സർ, ഇതേ ചോദ്യത്തിനു് ഇതിനു മുൻപും ഉത്തരം പറഞ്ഞിട്ടുണ്ടു്. ഗവണ്മെന്റ് സ്കൂളിൽ ഇങ്ങനെ ചില കേസുകളും ഉണ്ടായിട്ടുണ്ടു് പി. എസ്. സി. യുടെ സമ്മതത്തോടുകൂടി ചില അദ്ധ്യാപകരെ തുടരാൻ അനുവദിച്ചിട്ടുണ്ടു്. എന്നാൽ, അതു മറ്റു സ്കൂളുകളിലും അനുവദിക്കണമെന്നു പറയുന്നതു പ്രായോഗികമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: പി. എസ്. സി. നിയമിച്ചുകൊണ്ടു് യോഗ്യതയില്ലാത്തവരാണെങ്കിലും ഗവണ്മെൻറ് സ്കൂളുകളിൽ തുടരാമെന്ന മനോഭാവം പ്രൈവറ്റ് സ്കൂൾ ടീച്ചേഴ്സിൻെറ കാര്യത്തിൽ ഉണ്ടാകാത്തതു് എന്താണു്?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഒരു പ്രത്യേക സാഹചര്യത്തിൽ തെറ്റായ ഒരു ആനുകൂല്യം കൊടുത്തുപോയാൽ, അതു പിന്നെ തുടരണമെന്നു പറയുന്നതു് എന്തടിസ്ഥാനത്തിലാണെന്നു മനസ്സിലാകുന്നില്ല. പ്രൈവറ്റ് സ്കൂളുകളിലെ അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം അവരെ തുടർന്നു നിയമിക്കുന്നതിനുള്ള സാദ്ധ്യതകളെപ്പറ്റി ആലോചിക്കുകയും, ശരിയായ കപ്പാളിഫിക്കേഷൻ സമ്പാദിക്കുന്നതിനുള്ള സമയം അനുവദിക്കുകയും ചെയ്തിട്ടുണ്ടു്. സമയം അനുവദിച്ചിട്ടും, ആ കാലത്തിനുള്ളിൽ അവർ കപ്പാളിഫിക്കേഷൻ ഇംപ്രൂവു ചെയ്തിട്ടില്ല. ഇനിയും കാലാവധി കൊടുക്കുകയാണു്.

ശ്രീ അലക്സാണ്ടർ പറമ്പിത്തറ: കാലാവധി കഴിയുന്നതുവരെ വരെ പിരിച്ചുവിടാതിരിക്കാൻ ഏർപ്പാടു ചെയ്യുമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അതുവരെ ഒരു കാലാവധി നിശ്ചയിച്ചിരുന്നു; ഇപ്പോൾ പിന്നെയും കാലാവധി നീട്ടിക്കൊടുത്തിരിക്കുകയാണു്.

ശ്രീ. ഇ. പി. ഗോപാലൻ: പി. എസ്. സി. ഇതിനു മുൻപു് ഇവിടെ കപ്പാളിഫിക്കേഷൻ കുറഞ്ഞ ആളുകളെ ഗവണ്മെൻറ് സർവ്വീസിൽ എടുത്തിട്ടുണ്ടെന്നു പറഞ്ഞു. അതുപോലെ മലബാർ ഡിസ്ട്രിക്ടിൻറെ ബോഡ്സിൽ, അന്നത്തെ പ്രസിഡൻറ് ശരിയായ രീതിപ്രകാരം കപ്പാളിഫിക്കേഷൻ കുറഞ്ഞവരെ നിയമിച്ചിട്ടുള്ള കാര്യം ഗവണ്മെൻറിനു് അറിയാമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഇതു രണ്ടും രണ്ടാണു്. അന്നു് ഡിസ്ട്രിക്ടിൻറെ ബോർഡിൽ, എമർജൻസി കേസിൽ അദ്ധ്യാപകരെ നിയമിക്കാനും, അവരെ സംബന്ധിച്ചു ചില വിട്ടുവീഴ്ചകളും അനുവദിക്കാനും വ്യവസ്ഥയുണ്ടായിരുന്നു. ഇതു ക്രാഫ്ടിൻറെ ടീച്ചേഴ്സിൻെറ കാര്യമാണു്. അതു കൂട്ടത്തിൽപെടുന്നതല്ല.

തങ്കശ്ശേരിയെ തുറമുഖമായി ഉയർത്തുവാനുള്ള പദ്ധതി.

* 1635. [5] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തങ്കശ്ശേരിയെ ഒരു തുറമുഖമായി ഉയർത്തുവാൻ വല്ല പദ്ധതിയും കേന്ദ്ര ഗവണ്മെൻറിനു് സമർപ്പിച്ചിട്ടുണ്ടോ;

(ബി) അതിൽ അഷ്ടമുടിക്കായലിനെയും, നിർദ്ദിഷ്ട പോർട്ടിനെയും യോജിപ്പിക്കുന്ന ഒരു കനാൽ നിർമ്മാണം ഉൾപ്പെട്ടിട്ടുണ്ടായിരുന്നോ;

(സി) ഇതിൻെറ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുവാൻ കേന്ദ്രം ആവശ്യപ്പെട്ടിട്ടുണ്ടോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുൽ മജീദ്):

(എ) ഉണ്ടു്.

(ബി) ഉണ്ടു്.

(സി) സാങ്കേതികമായി വിശദീകരണം ഗവണ്മെൻറ് ഓഫ് ഇൻഡ്യ ആവശ്യപ്പെട്ടിട്ടുണ്ടു്; അതു തയ്യാറാക്കിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. പി. ഗോപാലൻ: എങ്ങനെയുള്ള നിർദ്ദേശമാണു നൽകിയിട്ടുള്ളതു്?

LIBRARY ARCHIVES Kerala Legislative Assembly